# നീര ഉല്പാദിപ്പിക്കാൻ പരിശീലനം തുടങ്ങുന്നു

തൃശൂർ: നീര ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സർക്കാർ പരിശീലനം നൽകി തുടങ്ങുന്നു. ആദ്യഘട്ടമായി പത്തുപേർക്ക് പരിശീലനം നൽകാനാണ് തീരുമാനം. ഇവരെ ഉപയോഗിച്ച് കേരള കാർഷിക സർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽ ഫാമിലെ തെങ്ങുകളിൽനിന്നാണ് ആദ്യമായി നീര ഉല്പാദിപ്പിക്കുക. ഇതിനുവേണ്ടി കാസർഗോഡ് വച്ചാണ് അടുത്ത മാസം 4 മുതൽ 14 വരെ പരിശീലനം നൽകുക. എസ്.എസ്.എൽ.സി പാസായ 18 നും 40 നും മധ്യേ പ്രായമുള്ളവർക്ക് പരിശീലനത്തിന് അപേക്ഷിക്കാം. മൂന്നു സീറ്റുകൾ സ്ത്രീകൾക്ക് മാറ്റിവെച്ചിട്ടുണ്ട്. തെങ്ങ് ചെത്ത് തൊഴിലാളികൾക്കും മറ്റും മുൻഗണന നൽകും. പരിശീലന ദിവസങ്ങളിൽ താമസ ഭക്ഷണസൗകര്യത്തിനുപുറമെ പ്രതിദിനം 300 രൂപ വീതം സ്റ്റൈപ്പന്റും നൽകാനാണ് തീരുമാനം. ഇവിടത്തെ നീര ഉല്പാദനം വിജയകരമാണെന്ന് കണ്ടെത്തിയാൽ കൂടുതൽ പേർക്ക് പല സ്ഥലങ്ങളിൽവച്ച് ഇവരെകൂടി ഉപയോഗപ്പെടുത്തി ഘട്ടംഘട്ടമായി കൂടുതൽ പേർക്ക് പരിശീലനം നൽകാനാണ് തീരുമാനമെടുത്തിട്ടുള്ളത്.